ഉത്തരം

ഈ ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ ഇന്നത്തെ ആവശ്യകത കണക്കിലെടുത്ത് പഠനം നടത്തി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പുതുക്കിയ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഡി. ജി. പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചിറപ്പുറത്തും, ഇലവുംതിട്ടയിലും പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ

34 [843] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ ചിറപ്പുറം, ഇലവുംതിട്ട എന്നീ സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രമാത്രം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇവ എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കും എന്ന് അറിയിക്കാമോ;

(സി) ഈ പ്രദേശങ്ങളുടെ അധികാരപരിധി ഉൾപ്പെടുന്ന നിലവിലുള്ള സ്റ്റേഷനുകളിലേക്ക് പൊതുജനങ്ങൾക്ക് എത്താനുള്ള പ്രയാസം കാരണം നീതി ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ—സി) ഈ വിഷയത്തിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങൾ സർക്കാർ പരിഗണനയിലാണ്. എന്നാൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ ആവശ്യകത പഠിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പുതുക്കിയ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ മയക്കുമരുന്ന് വില്പന

35 [844] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മയക്കുമരുന്ന് വില്പന വൻതോതിൽ നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എത്രപേർ മയക്കുമരുന്ന് കുത്തിവച്ച് മരിച്ചതായി കണക്കാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly